# മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം

## തിരുവനന്തപുരം

വിഷയം :-നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കോട്ടയം ജില്ല - തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് - തൃക്കൊടിത്താനം വില്ലേജ് - **പെട്രോൾ /ഡീസൽ വിതരണ കേന്ദ്രം** നിർമ്മാണം - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1 തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04/12/2019-ലെ എ-3/3172/128/2019 നമ്പർ കത്ത്.

2. കോട്ടയം ജില്ലാ ടൗൺ പ്ലാനറുടെ 19/12/2019 ലെ TCPKTM/1566/19-C, നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/3227/2019 -C3** തീയതി: **18/01/2020**

---

കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തൃക്കൊടിത്താനം വില്ലേജിൽ റീ സർവ്വെ നം. 59/5-1, 59/5-2, 59/5-3 -ൽ ഉൾപ്പെട്ട അപേക്ഷകന്റെ ഉടമസ്ഥതയിലുള്ള 3237.6 ച.മീ. (80 സെന്റ്) ആകെ വസ്തുവിൽ നിന്നും 751.50 ച.മീ സ്ഥലം വേർതിരിച്ച് സെയിൽസ് ബിൽഡിംഗ് 39.ച.മീ., കനോപ്പി 221 ച.മീ. ഉൾപ്പെടെ ആകെ 260 ച.മീ. വിസ്തീർണ്ണം വരുന്ന പെട്രോൾ/ഡീസൽ വിതരണ കേന്ദ്രം നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. ബി. രാധാകൃഷ്ണമേനോൻ, ശ്രീനികേതൻ, തൃക്കൊടിത്താനം. പി.ഒ, ചങ്ങനാശ്ശേരി-686105 -ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

## നിബന്ധനകൾ

1. കെ.പി.ബി.ആർ. 2011 ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വെ നമ്പർ , വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും ഉറപ്പു വരുത്തണം.
2. കെ.പി.ബി. ആർ 2011 ലെ ചട്ടം 61 (6) പ്രകാരം അഗ്നിശമന സേനയിൽ നിന്നുള്ള അനുമതി ലഭ്യമാക്കേണ്ടതാണ്.

3. ചട്ടം 61 (7) പ്രകാരം ആവശ്യമായ അഗ്നിസുരക്ഷാ സംവിധാനം ഉറപ്പുവരുത്തണം.
4. ചട്ടം 61 (16) പ്രകാരം ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
5. ചട്ടം 61 (17) പ്രകാരം മലിന ജലത്തിന്റെ ശുചീകരണം വഴിയുള്ള പുനരുൽപ്പാദനത്തിന്റെ സംവിധാനം സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
6. KPBR 2011 61 (9) പ്രകാരം ജില്ലാ കളക്ടറുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.
7. KPBR 2011 61(10) പ്രകാരം പെട്രോൾ ടാങ്കിന്റെയും Vent പൈപ്പിന്റെയും സ്ഥാനവും നിർമാണവും 1976 ലെ പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമായിരിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ **09/2020** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം– ഒരു സെറ്റ് പ്ലാൻ

**ജയശ്രീ. പി. ആർ.**
ടൗൺ പ്ലാനർ

**സെക്രട്ടറി,**
തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്

<u>പകർപ്പ്:-</u>

1. ശ്രീ. ബി. രാധാകൃഷ്ണമേനോൻ, ശ്രീനികേതൻ, തൃക്കൊടിത്താനം. പി.ഒ, ചങ്ങനാശ്ശേരി-686105
2. ടൗൺ പ്ലാനർ, കോട്ടയം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം